Ruling

റൂളിങ്ങ്

മി. സ്പീക്കർ: ബില്ലിൽ കൂട്ടിച്ചേർക്കുന്ന 17 എ വകുപ്പ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാർക്ക് സൂപ്പറാന്വേഷൻവരെ, സർക്കാർ ജീവനക്കാർക്ക് സമാനമായ എല്ലാ അവകാശങ്ങളും പരിരക്ഷയും നൽകാൻ വ്യവസ്ഥ ചെയ്യുന്നത് സുപ്രീംകോടതി വിധികളുടെ ലംഘനമാണെന്നും ബില്ലിലെ കൂട്ടിച്ചേർക്കുന്ന 22 എ വകുപ്പുപ്രകാരം മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശം മാരിടൈം ബോർഡിന് കൈമാറാൻ വ്യവസ്ഥ ചെയ്യുന്നത് കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിനും, കേരള ഭൂമി പതിവ് നിയമത്തെ നോക്കുകുത്തിയാക്കുന്നതും, 11-ാം ഖണ്ഡപ്രകാരം (വകുപ്പ് 22) പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ 30 വർഷത്തെ കരാർ കാലാവധി പൂർത്തിയാകുമ്പോൾ പുതിയ ടെൻഡർ ഇല്ലാതെതന്നെ നിലവിലുള്ള കൺസെഷനെയർക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് 2 ജി സ്പെക്ട്രം കേസിൽ സുപ്രീംകോടതി ചൂണ്ടിക്കാണിച്ച പൊതുസ്വത്ത് വിതരണം ചെയ്യുന്നതിലെ സുതാര്യത മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും,

ധനകാര്യ മെമ്മോറാണ്ടത്തിൽ യഥാർഥ ബാധ്യത മറച്ചുവച്ചിരിക്കുകയാണെന്നുമാണ് ശ്രീ. വി. കെ. സനോജ് അദ്ദേഹത്തിന്റെ ക്രമപ്രശ്നത്തിൽ ഉന്നയിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് വിശദീകരണം നൽകിയിട്ടുണ്ട്.

2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിന്റെ 17 എ വകുപ്പ് പ്രകാരം തുറമുഖ ഡയറക്ടറിലും ഉപകാര്യാലയങ്ങളിലും അനുവദിച്ചിരുന്ന വിവിധ തസ്തികകളിലെ ഒഴിവുകളിൽ തുറമുഖ വകുപ്പിന് ബാധകമാകുന്ന സ്പെഷ്യൽ റൂൾസ്, ജനറൽ സർവീസ് ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ട ദിവസത്തിനുശേഷവും 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ആക്ട് നിലവിൽ വരുന്നതിനുമിടയിൽ പബ്ലിക് സർവീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തരം സ്ഥിര നിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അവകാശങ്ങളും പരിരക്ഷയും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ പെർമെനന്റ്

അപ്പോയിൻമെന്റ് എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ, അത് പരിഭാഷപ്പെടുത്തിയപ്പോൾ മലയാളം ബില്ലിൽ വിട്ടുപോയതാണ്. സബ്ജക്ട് കമ്മിറ്റിയിൽവച്ച് പ്രസ്തുത പിശക് തിരുത്താവുന്നതാണെന്ന് ബഹു. മുഖ്യമന്ത്രി സഭയെ അറിയിച്ചിട്ടുണ്ട്.

ബില്ലിന്റെ 22 എ വകുപ്പ് പ്രകാരം ചെറുകിട ഇറമുഖങ്ങളുടെ വികസനം, മാരിടൈം വ്യവസായം, മാരിടൈം ലോജിസ്റ്റിക്സ് എന്നിവയ്ക്കവേണ്ടി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കപ്പെട്ടിരിക്കുന്ന സംസ്ഥാന മാരിടൈം ലാൻഡ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി സർക്കാർ ഉത്തരവിലും നിരക്കിലും ഉപാധികളിലും പാട്ടത്തിനോ ലൈസൻസ് വ്യവസ്ഥയിലോ ബോർഡിന് നൽകുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. ഇപ്രകാരം ചെയ്യുന്നതുമൂലം ഭൂമിയുടെ ഉടമസ്ഥാവകാശം മാറുന്നില്ല. അതിനാൽത്തന്നെ ബില്ലിലെ വ്യവസ്ഥ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റ് വ്യവസ്ഥകളെ മറികടക്കുന്നതും കേരള ലാൻഡ് അസൈൻമെന്റ് ആക്ടിനെ നോക്കുകുത്തിയാക്കുന്നതുമാണ് എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം നിലനിൽക്കുന്നതല്ല. 11-ാം ഖണ്ഡം വഴി പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതിയുടെ കരാർ കാലാവധി

Ruling

ദീർഘിപ്പിച്ച് നൽകുന്നത്, ഇറമുഖ വികസനത്തിന് ഉതകുന്നതിലേക്കായി കൂടുതൽ നിക്ഷേപ സാധ്യത വിലയിരുത്തി കൂടുതൽ കാലാവധി നൽകുന്ന വ്യവസ്ഥയിലാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന ബഹു. മുഖ്യമന്ത്രിയുടെ വിശദീകരണം മുഖവിലയ്ക്കെടുക്കുന്നു. ബോർഡിലെ ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ ബോർഡിന്റെ പൊതുനിധിയിൽനിന്നുമാണ് വഹിക്കുന്നത്. അതിനാൽത്തന്നെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അധിക ബാധ്യത ഇത് ഉണ്ടാക്കുന്നില്ല. അതിനാൽ അധിക സാമ്പത്തിക ബാധ്യത മറച്ചുവയ്ച്ചുകൊണ്ടുള്ള ധനകാര്യ മെമ്മോറാണ്ടമാണ് ബില്ലിൽ ചേർത്തിരിക്കുന്നത് എന്ന അംഗത്തിന്റെ പരാമർശം വസ്തുതാപരമല്ല. ഇക്കാരണങ്ങളാൽ ശ്രീ. വി. കെ. സനോജിന്റെ ക്രമപ്രശ്നം തള്ളുന്നു.